# പരി. ലാസലെറ്റ് മാതാവിന്റെ 175–ാം പ്രത്യക്ഷികരണതിരുനാളിന് ഒരുക്കമായ ധ്യാന പ്രാർത്ഥനാ കർമ്മം.

## ജൂൺ 2021

**നിർദ്ദേശങ്ങൾ:-**

(കുടുംബാംഗങ്ങളെല്ലാവരും പ്രാർത്ഥനാമുറിയിൽ ഒന്നു ചേരുന്നു. മാതാവിന്റെ തിരുസ്വരൂപം/ചിത്രം അലങ്കരിച്ച്, മുമ്പിൽ മെഴുകുതിരി കത്തിച്ചു വെയ്ക്കാം. പ്രാർത്ഥനകളും വായനകളും കുടുംബനാഥനോ അല്ലെങ്കിൽ കുടുംബാഗങ്ങളിൽ മറ്റൊരാളോ നയിക്കാം. ഈ പ്രാർത്ഥനാ ശുശ്രൂഷ ഈ മാസത്തിലെ 19–ാം തിയ്യതി കുടുംബപ്രാർത്ഥനയോടു ചേർത്ത് നടത്തുന്നതാണ് ഉത്തമം.)

## പ്രാരംഭഗാനം

പരിശുദ്ധാത്മാവേ.....

ലീഡർ 1. സ്വർഗ്ഗ 3 നൻമ 1. ത്രിത്വ

## പ്രാരംഭ പ്രാർത്ഥന

ലീഡർ നിത്യം പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവമേ. അങ്ങേ സ്നേഹ സന്ദേശവുമായി പരി. മാതാവ് ലാസലെറ്റ് മലയിൽ പ്രത്യക്ഷയായതിന്റെ 175–ാം തിരുന്നാളിനൊരുങ്ങുന്ന ഞങ്ങളെ അനുഗ്രഹിക്കണമേ. ലാസലെറ്റ് മാതാവിന്റെ അനുരഞ്ജന സന്ദേശം ഉൾകൊണ്ടു കൊണ്ട് വ്യക്തി ജീവിതത്തിലും കുടുംബത്തിലും സമൂഹത്തിലും പരിവർത്തനം വരുത്തുവാൻ ഞങ്ങളെ സഹായിക്കണമേ. ജൂബിലി വർഷത്തിനൊരുക്കമായി വൈദികരിലും സമർപ്പിതരിലും സമർപ്പിതാർത്ഥികളിലും അത്മായ കൂട്ടായ്മകളിലും നടക്കുന്ന ഭൗതികവും അത്മീയവുമായ എല്ലാ സംരംഭങ്ങളെയും അങ്ങ് സമൃദ്ധമായി അനുഗ്രഹിക്കണമേ. പരി. അമ്മ ആഹ്വാനം ചെയ്തതുപോലെ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരും പരിത്യാഗ പ്രാശ്ചിത പ്രവർത്തനങ്ങളിൽ ഉൽസുകരും ജീവിതത്തിൽ ക്രിസ്തുവിന്റെ തീക്ഷണ യോദ്ധാക്കളുമാകുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. സകലത്തിന്റേയും നാഥാ എന്നേക്കും.

ആമ്മേൻ

## <u>വചനവായന</u>

ഉൽപത്തി 1, 18–25

## ധ്യാനചിന്തകൾ:- "ലാസലെറ്റും കുടുംബവും."

"ലോകത്തിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അത് കുടുംബമാണ്". ആ കുടുംബം മറ്റാരുടേയും കുടുംബമല്ല, "എന്റെ കുടുംബമാണ്" എന്ന തിരിച്ചറിവ് എന്ന് ഓരോ വ്യക്തികളിലും രൂപം കൊള്ളുന്നുവോ, അപ്പോൾ മുതൽ ഭൂമിൽ ദൈവമാഗ്രഹിച്ച കുടുംബം രൂപം കൊള്ളുന്നു. മനുഷ്യൻ ഏകനായിരിക്കുന്നത് നല്ലതല്ല, അതിനാൽ അവിടുന്ന് ആദത്തിന് ഇണയായി ഹവ്വായെ സൃഷ്ടിച്ചു എന്ന് നാം ഉൽപത്തി പുസ്തകത്തിൽ വായിക്കുമ്പോൾ, നാം തിരിച്ചറിയേണ്ട സത്യം സൃഷ്ടികളിൽ മകുടമായി ദൈവം സൃഷ്ടിച്ച മനുഷ്യന് ഈ ഭൂമിൽ നൽകിയ ഏറ്റവും വലിയ

സമ്മാനമാണ് കുടുംബം. എല്ലാ സംസ്ക്കാരങ്ങളിലും രാജ്യങ്ങളിലും കുടുംബബന്ധങ്ങൾ ഇന്നും സജീവമാണ്. ഏതു നാട്ടിലേയും കുടുംബ ബന്ധങ്ങളുടെ ഉറപ്പാണ് ആ നാടിന്റെ ധാർമ്മികതയുടെ അടിസ്ഥാനം. മാതാപിതാക്കളും മക്കളും തമ്മിലുള്ള സ്നേഹവും ബന്ധവും ഇന്നിന്റെ പല സാഹചര്യങ്ങളിലും ഉലയുന്നു എന്നത് 'കുടുംബം' എന്ന സാമൂഹ്യഘടനയുടെ പ്രാധാന്യവും, വലിപ്പവും ധ്യാനിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. ദമ്പതിമാരുടെ സന്തോഷവും സ്നേഹവും, മക്കൾക്ക് ജൻമം നൽകലും, അവർക്ക് വിദ്യാഭ്യാസം കൊടുക്കലുമാണ് വിവാഹത്തിന്റെ പ്രധാന കടമകളും, ഉദ്ദേശ്യങ്ങളും എന്ന് കത്തോലിക്കാ സഭ പഠിപ്പിക്കുന്നു. ദൈവം സ്ഥാപിച്ചതാണ് വിവാഹം എന്ന കൂദാശ എന്നും കുടുംബത്തെ ഗാർഹിക സഭയെന്നുമാണ് രണ്ടാം വത്തിക്കാൻ സുനഹദോസ് പഠിപ്പിക്കുന്നത്. കുറെ പതിറ്റാണ്ടുകൾക്ക് മുമ്പ് വിവാഹം എന്നു പറയുന്ന ജീവിതാവസ്ഥയെ പൗരോഹിത്വത്തിനും സന്യാസത്തിനും പുറകിൽ നിർത്തിയിരുന്ന ഒരു ചിന്താഗതി സഭയിൽ നിലനിന്നിരുന്നു എന്ന സത്യം നിഷേധിക്കുന്നില്ല, എന്നാൽ പിന്നീടുള്ള പഠനത്തിലും ധ്യാനത്തിലും യഥാർത്ഥ സത്യങ്ങളിലേക്ക് സഭ എത്തി ചേർന്നു. ഇന്ന് 'വിവാഹം' എന്ന ജീവിതാവസ്ഥയെ 'ദൈവവിളി' എന്നാണ് സഭ വിശേഷിപ്പിക്കുന്നത്, മറ്റു ജീവിതാവസ്ഥകളുമായി ബന്ധപ്പെട്ട ദൈവവിളികളിൽ നിന്നും ഒട്ടും പുറകിലോ മുന്നിലോ അല്ലാത്ത എന്നാൽ തുല്യമായ ജീവിതാവസ്ഥയായി ഇന്ന് വിവാഹവും കുടുംബവും സഭയിൽ വിരാചിക്കുന്നു. നല്ല കുടുംബങ്ങളാണ് തിരുസഭയുടെ അടിസ്ഥാന ഘടകം. നല്ല കുടുംബങ്ങളിൽ നിന്നുമാണ് പല ജീവിതാവസ്ഥകളിലേക്കും പല വ്യക്തികൾ വിളി സ്വീകരിക്കുന്നത്. ദൈവം കുടുംബത്തെ എന്നും മാനിക്കുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണ് – ദൈവപുത്രൻ തിരുകുടുംബത്തിൽ പിറക്കുന്നത്, ഒരു അപ്പനും അമ്മയ്ക്കും വിധേയനായി ജീവിക്കുന്നത്, വിശ്വാസജീവിതത്തിലും, ആചാരങ്ങളിലും മാതാപിതാക്കളെ അനുകരിക്കുന്നത്, (ബാലനായ ഈശോ ദേവാലയത്തിൽ, സിനഗോഗിൽ പ്രാർത്ഥിക്കാൻ പോകുന്നത്), മാതാപിതാക്കൾ വിധേയപ്പെട്ട് 30 വർഷം ജീവിച്ചത്. വിവാഹം ആശീർവദിക്കാനായി കാനായിൽ ഉണ്ടായിരുന്നത്. കത്തോലിക്കാ സഭ ദമ്പതിമാർ തമ്മിലുള്ള ബന്ധത്തെ ക്രിസ്തുവും സഭയുമായുള്ള ബന്ധത്തോടാണ് ഉപമിക്കുക ;– സ്വയം മറന്ന് പങ്കാളിയെ സ്നേഹിക്കണമെന്നുള്ള വലിയ വിളി. ക്രൈസ്തവ വിശ്വാസം പങ്കുവെയ്ക്കപ്പെടേണ്ടതും, വളരേണ്ടതും പ്രാഥമികമായി നമ്മുടെ കുടുംബങ്ങളിലാണ്. ഇന്നിന്റെ മക്കൾ വിശ്വാസത്തിലും പ്രാർത്ഥനയിലും അർത്ഥം കണ്ടെത്താതെ വരുമ്പോൾ ആദ്യം ഉത്തരം തിരയേണ്ടത് നമ്മുടെ കുടുംബങ്ങളിലാണ്. താനും തന്റെ പൂർവ്വികരും വിശ്വസിച്ചതും ഏറ്റു പറഞ്ഞതും അടുത്ത തലമുറയിലേക്കു പൂർണ്ണമായും വിശ്വാസയോഗ്യമായ വിധം കൈമാറിയോ എന്നത് ഓരോ മാതാപിതാക്കളും വിലയിരുത്തേണ്ട സത്യമാണ്.

മാതാവ് ലാസലെറ്റിൽ പ്രത്യക്ഷപ്പെട്ടത് രണ്ട് കുടുംബങ്ങളിലെ മക്കൾക്കാണ്, ഏകദേശം ഇന്നത്തെ പല കുടുംബങ്ങളോടും സദൃശ്യം തോന്നുന്ന കുടുംബങ്ങളിൽ നിന്നുള്ള മക്കൾക്ക്. മാക്സിമിനെ പ്രാർത്ഥയും മൂല്യങ്ങളും പഠിപ്പിക്കാൻ അവന്റെ അപ്പനോ രണ്ടാനമ്മക്കോ സമയമുണ്ടായിരുന്നില്ല. അവൻ വീട്ടിൽ കയറാതെ പുറത്ത് അലഞ്ഞുതിരിയുന്നത് രണ്ടാനമ്മ കൂടുതൽ ഇഷ്ടപ്പെട്ടിരുന്നു. അപ്പന് അവന്റെ കാര്യങ്ങളെക്കാൾ മദ്യപാനത്തിലും മറ്റു വിനോദങ്ങളിലുമായിരുന്നു കൂടുതൽ താൽപര്യം. മെലനിയുടെ കാര്യത്തിൽ മാതാപിതാക്കൾ മക്കളെ ജനിപ്പിക്കുക എന്ന കർമ്മം നന്നായി നടത്തി എന്നതിലുപരി അവളെ ഒരു തരത്തിലുള്ള വിദ്യാഭ്യാസത്തിലും വളർത്തിയില്ല എന്നു മാത്രമല്ല, ചെറുപ്രായത്തിൽ തന്നെ ദാരിദ്രകാരണത്താൽ അവരിൽ നിന്നും അകറ്റുകയും ചെയ്തു. കുമ്പസാരത്തിനുള്ളജപം പ്രാർത്ഥിക്കാൻ അറിയാത്തതിനാൽ മെലനി മറ്റുകുട്ടികളെപ്പോലെ പ്രായപൂർത്തിയായെങ്കിലും ആദ്യ

കുർബ്ബാന സ്വീകരിക്കുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിരുന്നു. ആ കാര്യങ്ങളൊന്നും തന്നെ അവളുടെ മാതാപിതാക്കളെ ബാധിച്ചിരുന്നതായി എവിടെയും പറയപ്പെടുന്നില്ല. ഇപ്രകാരമുള്ള കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾക്കാണ് മാതാവ് ലാസലെറ്റിൽ പ്രത്യക്ഷപ്പെട്ടത്. അതുവഴി വിശ്വാസപരിശീലനത്തിന് ഓരോ കുടുംബങ്ങളും കൊടുക്കേണ്ട പ്രാധാന്യത്തേപ്പറ്റി മാതാവ് പഠിപ്പിക്കുന്നു. മാതാവു നൽകിയ സന്ദേശം ആദ്യമായി മാക്സിമിനും മെലനിയും വിവരിക്കുന്നതും, തങ്ങളുടെ യജമാനന്മാരുടെ കുടുംബങ്ങളുടെ നടുവിലാണ്. മാതാവിന്റെ സന്ദേശം ഉൾകൊണ്ട വ്യക്തികൾ മാറ്റം കൊണ്ടുവരുന്നത് വ്യക്തിജീവിതത്തിലും, അതിനെ തുടർന്ന് കുടുംബങ്ങളിലുമാണ്. ഓരോ വ്യക്തിയും കുടുംബവും എത്രമാത്രം ദൈവത്തിനു പ്രിയപ്പെട്ടതാണ് എന്ന സത്യം ലാസലെറ്റ് ഓർമ്മപ്പെടുത്തുന്നു. ഒരാളും ലോകത്തിൽ അനാഥരായി ജനിക്കുന്നില്ല, എന്നാൽ ലോകവും സാഹചര്യവും അവരെ ചിലപ്പോൾ അനാഥരാക്കി മാറ്റുന്നു. മാനസാന്തരം വ്യക്തികളിൽ തുടങ്ങി കുടുംബത്തിൽ വളർന്ന് സഭയിൽ വിളങ്ങേണ്ടതാണെന്ന സത്യം നമുക്ക് മറക്കാതിരിക്കാം.

<u>വിചിന്തനം നടത്താം</u>

- ക്രൈസ്തവ മൂല്യാടിസ്ഥാനത്തിൽ ആശീർവദിക്കപ്പെട്ട എന്റെ കുടുംബത്തിൽ ദൈവം ആഗ്രഹിക്കുന്ന പുണ്യങ്ങൾ വളരാൻ ഞാൻ പ്രവർത്തിക്കുന്നുണ്ടോ?
- മാതാവിന്റെ സന്ദേശങ്ങൾ ആദ്യം ഉൾകൊണ്ട് മാനസാന്തരത്തിലേക്ക് വഴിമാറിയ ലാസലെറ്റ് ഗ്രാമത്തിലെ കുടുംബങ്ങൾ എനിക്കും കുടുംബത്തിനും മാതൃകയാകുന്നുണ്ടോ?

## കാറോസൂസ

ലീഡർ: നമുക്കെല്ലാവർക്കും സന്തോഷത്തോടും പ്രത്യാശയോടും കൂടെ കർത്താവേ, പരി. ലാസലറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ എന്നപേക്ഷിക്കാം.

സമൂഹം: കർത്താവേ, പരി. ലാസലറ്റ് മാതാവുവഴി ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമേ.

ലീഡർ: ലോകം മുഴുവനെയും ഭയത്തിന്റെ അന്ധകാരത്തിലാഴ്ത്തുന്ന കൊറോണാ വൈറസ് ബാധയിൽ നിന്ന് എല്ലാവരേയും കാത്തു പരിപാലിക്കണമെന്നും, അതിവേഗം പ്രതിരോധ വാക്സിൻ സംലഭ്യമാകണമെന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ,....

ലീഡർ: പുതിയ അധ്യയന വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന എല്ലാ വിദ്യാർത്ഥി–വിദ്യാർത്ഥിനികളേയും അധ്യാപകരേയും പരിശുദ്ധാത്മാവിന്റെ കൃപകളാൽ നിറയ്ക്കണമേയെന്നും ഈ പ്രതികൂല സാഹചര്യത്തിലും അറിവ് നേടാൻ സഹായിക്കണമേ എന്നും അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ....

ലീഡർ: മാതാപിതാക്കളും മക്കളും പരസ്പര സ്നേഹത്തോടും, സഹകരണത്തോടും ജീവിച്ച് ഉത്തമ ക്രൈസ്തവ ജീവിതം നയിക്കാൻ എല്ലാ കുടുംബങ്ങളെയും അനുഗ്രഹിക്കണമേ എന്ന് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ...

ലീഡർ: രോഗങ്ങളാലും കടബാധ്യതകളാലും, മറ്റു പലകാരണങ്ങളാലും മുന്നോട്ടുള്ള ജീവിതത്തെ ഭയത്തോടെ വീക്ഷിക്കുന്നവർക്ക് പ്രതീക്ഷയുടെ സാന്ത്വനം നൽകണമേ എന്നു അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ...

ലീഡർ: നമുക്കെല്ലാവർക്കും നമ്മുടെ വ്യക്തിപരമായ പ്രാർത്ഥനകളും നമ്മുടെ കുടുംബത്തിന്റെ പ്രത്യേക ആവശ്യങ്ങളും പരി. ലാസലെറ്റ് മാതാവിന്റെ മാദ്ധ്യസ്ഥം വഴി നിശബ്ദമായി ദൈവത്തിന് സമർപ്പിക്കാം.

ലീഡർ: **നമുക്ക് പ്രാർത്ഥിക്കാം.**

**<u>പ്രാർത്ഥന</u>**

സ്നേഹപിതാവായ ദൈവമേ, നിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച മനുഷ്യൻ തനിച്ചാകാതിരിക്കാനായി അവനു ഇണയെ കൊടുത്ത് അങ്ങ് ഈ ഭൂമിയിൽ കുടുംബത്തെ സ്ഥാപിച്ചുവല്ലോ. ദൈവസ്നേഹത്തിൽ ജീവിക്കാനും, ദൈവവിശ്വാസത്തിലേക്കു മക്കളെ വളർത്തുവാനുമുള്ള സവിശേഷമായ വിളി ലഭിച്ചിട്ടുള്ളതാണ് ഞങ്ങളുടെ ഓരോ കുടുംബങ്ങളെന്ന് തിരിച്ചറിവ് നൽകണമേ. പ്രാർത്ഥിക്കാനും വിശ്വാസത്തിൽ മക്കളെ വളർത്താനും കഴിയാതിരുന്ന കുടുംബങ്ങളിലെ മക്കൾക്കു തന്നെ ലാസലെറ്റിൽ പ്രത്യക്ഷം നൽകി പരി. അമ്മ, ഓരോ കുടുംബങ്ങളേയും വിശ്വാസത്തിലേക്കും വിശുദ്ധിയിലേക്കും ക്ഷണിച്ചുവല്ലോ. അമ്മയുടെ സന്ദേശമുൾകൊണ്ട് മാനസാന്തരത്തിലേക്ക് വഴിനടന്ന ലാസലെറ്റ് ഗ്രാമത്തിലെ സാധാരണക്കാരുടെ കുടുംബങ്ങൾ ഞങ്ങൾക്ക് മാതൃകയാകട്ടെ. തിരുകുടുംബത്തിന്റെ മാദ്ധ്യസ്ഥ സഹായത്താൽ പൂർവ്വികരിലൂടെ ലഭിച്ച വിശ്വാസമാതൃകയിൽ അടിയുറച്ച് ജീവിക്കാൻ ഞങ്ങളെ സഹായിക്കണമേ... ആമ്മേൻ.

പരി. ലാസലെറ്റ് മാതാവേ....... ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

മാർ യൗസേപ്പിതാവേ.................. ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

**<u>സമാപനഗാനം</u>**

എത്രയും ദയയുള്ള മാതാവേ ..........

തയ്യാറാക്കിയത്:
ലാസലെറ്റ് സന്യാസ സമൂഹത്തിന് വേണ്ടി
ഫാ. ബിബിൻ പാറേക്കുന്നേൽ MS

facebook page: La Salette Mathavu